5546
DR2 09/05/2022
05/05/22

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി മികവിന്റെ കേന്ദ്രങ്ങളാകുന്ന പദ്ധതിയുടെ അടിസ്ഥാനത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക്, ഉപയോഗയോഗ്യമായ സ്കൂൾ കെട്ടിടങ്ങൾ പൊളിച്ചു മാറ്റുന്നതിന് അനുമതി നൽകുന്ന കമ്മറ്റിയിൽ നിന്നും പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥരെ ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്**

G.O.(Rt) No.1054/2022/LSGD തീയതി,തിരുവനന്തപുരം, 28-04-2022

---

പരാമർശം:-
1. 09/03/2018-ലെ സ.ഉ (കൈ) നം.32/2018/ എൽ.എസ്.ജി.ഡി.
2. 11/08/2021-ലെ പൊതുമരാമത്ത് (ഇ) വകുപ്പിന്റെ ഇ1/158/2018/പൊ.മ.വ. നമ്പർ അനൗദ്യോഗിക കുറിപ്പ്.
3. 17/01/2022-ലെ തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ ഡി.ബി2/1606/18/സി.ഇ/എൽ.ഐ.ഡി & ഇ.ഡബ്ല്യു.നം. കത്ത്.

6/5/22

**ഉത്തരവ്**

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി മികവിന്റെ കേന്ദ്രങ്ങളാകുന്ന പദ്ധതിയുടെ ഭാഗമായി നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഉപയോഗയോഗ്യമായ സ്കൂൾ കെട്ടിടങ്ങൾ പൊളിച്ചു മാറ്റുന്നതിന് അനുമതി നൽകുന്ന കമ്മറ്റിയിൽ പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയറെ പരാമർശം ഒന്നിലെ സർക്കാർ ഉത്തരവ് പ്രകാരം ഉൾപ്പെടുത്തുകയുണ്ടായി.

പൊതുമരാമത്തു വകുപ്പിലെ ഉദ്യോഗസ്ഥരുടെ സേവനം നിലവിലെ സാഹചര്യത്തിൽ വകുപ്പിതര പ്രവർത്തനങ്ങൾക്ക് വിട്ടു നൽകാൻ ബുദ്ധിമുട്ടായതിനാൽ മേൽ കമ്മിറ്റിയിൽ നിന്നും പ്രസ്തുത ഉദ്യോഗസ്ഥരെ ഒഴിവാക്കണമെന്ന് പൊതുമരാമത്ത് വകുപ്പ് പരാമർശം രണ്ട് പ്രകാരം ആവശ്യപ്പെടുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, പൊതുമരാമത്ത് വകുപ്പ് എഞ്ചിനീയറെ പ്രസ്തുത കമ്മിറ്റിയിൽ നിന്നും ഒഴിവാക്കിയും, LID & EW -വിൽ നിന്നും അതതു സ്കൂൾ പരിധിയായുള്ള അസിസ്റ്റന്റ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരെയും, എൽ. പി. /യു.പി. സ്കൂൾ വരെയുള്ളതിൽ എ.ഇ.ഒ യെയും ഹൈസ്കൂൾ/ഹയർ സെക്കണ്ടറി/വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളുടെ കാര്യത്തിൽ ഡി ഇ. ഒ യെയും ഉൾപ്പെടുത്തി കൊണ്ട് പരാമർശം - 1-ലെ കമ്മിറ്റി പുന:സംഘടിപ്പിച്ചു കൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
REJI RAJENDRAN
DEPUTY SECRETARY

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

ചീഫ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് (കെട്ടിട വിഭാഗം), തിരുവനന്തപുരം.

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം, തിരുവനന്തപുരം.

എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം, തിരുവനന്തപുരം.

പൊതുമരാമത്ത് വകുപ്പ്.

ധനകാര്യ വകുപ്പ്.

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

**Signed by Reenamma P A**
**Date: 28-04-2022 12:58:32**
സെക്ഷൻ ഓഫീസർ